**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 641** **13-10-2026-ൽ മറുപടിയ്ക്ക്**

**ലഹരി ഉപയോഗവും ലഹരി വസ്തുക്കളുടെ വിൽപ്പനയും തടയുന്നതിനുള്ള നടപടികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. എ. ഡി. തോമസ്

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. സന്ദീപ് വാര്യർ

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ലഹരി ഉപയോഗവും ലഹരി വസ്തുക്കളുടെ വിൽപ്പനയും തടയുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

**മറുപടി:** സംസ്ഥാനത്ത് ലഹരി ഉപയോഗവും ലഹരി വസ്തുക്കളുടെ വിൽപ്പനയും തടയുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

**സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ**

ലഹരിക്കടത്ത് സംഘങ്ങളുടെ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും സംഘടിത കുറ്റകൃത്യങ്ങളുടെ ശൃംഖല വിശകലനം ചെയ്യുന്നതിനുമായി എക്സൈസ് വകുപ്പിന് കീഴിൽ 06-10-2026 മുതൽ സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ വിവരശേഖരണം, സാങ്കേതിക വിശകലനം, വിവിധ കേസുകളുമായി ബന്ധപ്പെട്ട വിവരങ്ങളുടെ ഏകോപനം എന്നിവയിലൂടെ ലഹരിവസ്തുക്കളുടെ ഉറവിടവും വിതരണശൃംഖലയും കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം.

**"മയങ്ങില്ല കേരളം"**

ലഹരി ഉപയോഗവും അനധികൃത ലഹരി വ്യാപനവും ഫലപ്രദമായി തടയുന്നതിനൊപ്പം പ്രതിരോധം, ബോധവൽക്കരണം, ലഹരി ഉപയോഗ സാധ്യതകളുടെ നേരത്തെയുള്ള കണ്ടെത്തൽ, കൗൺസിലിംഗ്, ചികിത്സ, പുനരധിവാസം എന്നിവയെ ഏകോപിപ്പിച്ച് ലഹരി മാർഗ്ഗത്തിൽ നിന്നും ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരിക എന്ന കാഴ്ചപ്പാടോട് കൂടി സർക്കാർ നടപ്പിലാക്കിയ സംയോജിത ലഹരിവിരുദ്ധ പദ്ധതിയാണിത്.

**ഓപ്പറേഷൻ തണ്ടർ**

ലഹരി ഉപയോഗവും വിൽപനയും തടയുന്നതിനായി 28.05.2026 മുതൽ 'ഓപ്പറേഷൻ തണ്ടർ' എന്ന പേരിൽ തീവ്ര എൻ.ഡി.പി.എസ്. സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്.

**പീപ്പിൾസ് ഐ ആപ്പ്**

വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്താതെ മയക്കുമരുന്നുകളുടെയും അനധികൃത മദ്യത്തിന്റെയും നിർമ്മാണം, സംഭരണം, വിൽപ്പന, ഉപയോഗം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനായി 'പീപ്പിൾസ് ഐ' എന്ന മൊബൈൽ ആപ്പ് സൗകര്യം 16.09.2026 മുതൽ ലഭ്യമാക്കിയിട്ടുണ്ട്.

**<u>ബോധവൽക്കരണം</u>**

വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സംസ്ഥാനത്ത് ഹൈസ്കൂൾ, ഹയർസെക്കൻഡറി തലങ്ങളിൽ തണ്ടർ ആന്റി നാർക്കോട്ടിക് ക്ലബുകൾ പ്രവർത്തിച്ച് വരുന്നു. ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് 272 എക്സൈസ് ഉദ്യോഗസ്ഥർക്ക് NIMHANS മുഖേന പരിശീലനം നൽകി കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുന്നതിന് നിയോഗിച്ചിട്ടുണ്ട്. 2025-2026 വർഷത്തിൽ സ്കൂൾ തലത്തിൽ 88497 ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികളും കോളേജ് തലത്തിൽ 9398 ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു.

**<u>ഡി-അഡിക്ഷൻ ചികിത്സയും പുനരധിവാസവും</u>**

വിമുക്തി മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന 14 ഡീ-അഡിക്ഷൻ സെന്ററുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയും, ഒരു സൈക്യാട്രിസ്റ്റിന്റെ സേവനം ഉറപ്പ് വരുത്തുന്നതും, എല്ലാ താലൂക്കുകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഡീ-അഡിക്ഷൻ ചികിത്സക്ക് ശേഷം പുനരധിവാസം വേണ്ടവർക്ക് ആയതിനുള്ള സേവനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

**<u>ചെക്ക് പോസ്റ്റ് പരിശോധന</u>**

അന്യസംസ്ഥാനങ്ങളിൽ നിന്ന് ലഹരിവസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി അതിർത്തി ചെക്ക് പോസ്റ്റുകളിൽ ശക്തമായ വാഹന പരിശോധനയും നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിലെ ചെക്ക് പോസ്റ്റുകളില്ലാത്ത അതിർത്തി പ്രദേശങ്ങളിൽ Kerala Excise Mobile Intervention Unit (KEMU) മുഖേന നിരന്തര വാഹന പരിശോധനയും നിരീക്ഷണവും നടത്തി വരുന്നു.

**<u>സൈബർ സെൽ</u>**

വാട്സ്ആപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സമൂഹമാധ്യമങ്ങൾ, ഡാർക്ക് വെബ് ഉൾപ്പെടെയുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവ വഴി നടക്കുന്ന ലഹരി ഇടപാടുകൾ കണ്ടെത്തുന്നതിനും തടയുന്നതിനുമായി എക്സൈസ് സൈബർ സെൽ പ്രവർത്തിച്ച് വരുന്നു.

**(ബി)** സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിന് എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി എക്സൈസ് വകുപ്പ് എൻഫോഴ്സ്മെന്റ്, ബോധവൽക്കരണം, പ്രതിരോധ പ്രവർത്തനങ്ങൾ, കൗൺസിലിംഗ്, നിരീക്ഷണം എന്നിവ ഏകോപിപ്പിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ പരിസരത്തെ കടകളിൽ പരിശോധന നടത്തി ലഹരി വിൽപ്പന കണ്ടെത്തിയാൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനൊപ്പം ലൈസൻസ്

റദ്ദാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ക്ലാസുകൾ ആരംഭിക്കുന്നതിന് മുമ്പും ക്ലാസുകൾ അവസാനിച്ചതിന് ശേഷവും സ്കൂൾ പരിസരങ്ങളിൽ പട്രോളിംഗ് നടത്തിവരുന്നു. സ്കൂൾ സമയത്ത് കറങ്ങിനടക്കുന്ന വിദ്യാർത്ഥികളെ തിരിച്ചറിഞ്ഞ് രക്ഷിതാക്കളെ അറിയിക്കുകയും സ്കൂൾ പരിസരത്ത് സ്ഥിരമായി എത്തുന്ന സംശയാസ്പദരായ യുവാക്കളെ നിരീക്ഷിക്കുകയും ചെയ്യുന്നു. ലഹരി ഉപയോഗിച്ചതായി സംശയിക്കുന്നവരെ 'Abon Kit' ഉപയോഗിച്ച് പരിശോധിക്കുകയും ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. 2026 ജനവരി മുതൽ ആഗസ്റ്റ് വരെ വിദ്യാലയ പരിസരങ്ങളിൽ 33,222 പരിശോധനകൾ നടത്തി 1,128 COTPA കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിദ്യാലയങ്ങളിൽ നിന്ന് 100 വാര ചുറ്റളവിലുള്ള കടകളിൽ 41,216 പരിശോധനകൾ നടത്തി 1 NDPS കേസ്, 2 അബ്കാരി കേസുകൾ, 434 COTPA കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

<u>**തണ്ടർ ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ**</u>

വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സംസ്ഥാനത്തുടനീളം ഹൈസ്കൂൾ, ഹയർ സെക്കൻഡറി തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. 2025-26 വർഷത്തിൽ സ്കൂൾതലത്തിൽ 5862 ക്ലബ്ബുകൾ രൂപീകരിച്ചു.

<u>**അറിവാണ് ലഹരി**</u>

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി ഹൈസ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കൊണ്ട് അറിവാണ് ലഹരി എന്ന പേരിൽ ലഹരി വിരുദ്ധ ക്വിസ് മത്സരം സ്കൂൾ തലത്തിലും ജില്ലാതലത്തിലും സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ക്വിസ് മത്സരത്തിലെ വിജയികൾക്ക് ഒന്നാം സമ്മാനമായി 20,000 രൂപയും രണ്ടാം സമ്മാനമായി 15,000 രൂപയും മൂന്നാം സമ്മാനമായി 10,000 രൂപയും ക്യാഷ് പ്രൈസ് നൽകുകയുണ്ടായി.

<u>**ഉണർവ്വ് പദ്ധതി**</u>

'ലഹരിക്കെതിരെ കായിക ലഹരി' എന്ന ആശയം പ്രാവർത്തികമാക്കുന്നതിനും, ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും പഠനം കഴിഞ്ഞുള്ള സമയം കുട്ടികളുടെ കർമ്മശേഷിയെ ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും അവരിലെ കലാപരവും കായികപരവുമായ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നതിനും ഉണർവ് പദ്ധതി നടപ്പിലാക്കി വരുന്നു.

<u>**വിമുക്തി സ്പോർട്സ് ടീം**</u>

ലഹരിവിരുദ്ധ ക്ലബ്ബുകളിലെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും കുട്ടികളുടെ കായിക മത്സര ഇനങ്ങളിലുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനുമായി സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ "ടീം വിമുക്തി" എന്ന പേരിൽ നിലവിൽ 1500 സ്കൂളുകളിൽ സ്പോർട്സ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്.

<u>**നേർവഴി**</u>

ലഹരിയുടെ ഉപയോഗം മൂലം വിദ്യാർത്ഥികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും, പെരുമാറ്റ വൈകല്യങ്ങളും അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി അവ പരിഹരിച്ച് കുട്ടികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്ന പദ്ധതിയാണിത്. ടി പദ്ധതിയുടെ മൊബൈൽ നമ്പർ 9656178000ആണ്.

<u>**ബാല്യം അമൂല്യം**</u>

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും, ജീവിത നൈപുണ്യങ്ങൾ സ്വായത്തമാക്കുന്നതിനും കുട്ടികളെ സഹായിക്കുന്നതിന് പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ രക്ഷിതാക്കളെയും

അദ്ധ്യാപകരെയും ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതിയാണ് ബാല്യം അമൂല്യം.

**ജീവിതമാണെന്റെ ലഹരി**

"കൂടെയുണ്ട് കരുത്തേകാൻ" പദ്ധതിയുടെ ഭാഗമായി ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി "ജീവിതമാണെന്റെ ലഹരി" എന്ന പേരിൽ മൊഡ്യൂളുകൾ തയ്യാറാക്കി ശാസ്ത്രീയമായ രീതിയിൽ ബോധവൽക്കരണ ക്ലാസ്സുകൾ നൽകി വരുന്നു.

**വിമുക്തി മെന്റേഴ്സ്**

നിംഹാൻസ് മുഖാന്തിരം എക്സൈസ് ഉദ്യോഗസ്ഥർക്ക് കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കായി പരിശീലനം നൽകി വിമുക്തിമെന്റേഴ്സ് ആയി നിയമിച്ച് കുട്ടികൾക്ക് പ്രാഥമിക കൗൺസിലിംഗ് നൽകി വരുന്നു.

**പെൺകുട്ടികൾക്കായുള്ള സ്വയരക്ഷാ പദ്ധതി**

സംസ്ഥാനത്ത് ഓരോ എക്സൈസ് റേഞ്ചിലെയും ഓരോ സ്കൂളുകൾ തെരെഞ്ഞെടുത്ത് പെൺകുട്ടികൾക്കായി സ്വയരക്ഷ പരിശീലന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

**ഡ്രഗ് ഫ്രീ ക്യാംപസ്**

സംസ്ഥാനത്തെ വിദ്യാർത്ഥിസമൂഹം ലഹരി വസ്തുക്കളുടെ പിടിയിൽ അകപ്പെടുന്നത് തടയുന്നതിനായി എക്സൈസ് വകുപ്പ് ഉന്നതവിദ്യാഭ്യാസ വകുപ്പിനെ കൂട്ടിയോജിപ്പിച്ച് കോളേജുകളിൽ വിവിധ ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു. ലഹരി രഹിതമായ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിനായി ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും കൂടുതൽ സജീവമാക്കുന്നതിനുമായി എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന "ലഹരിമുക്ത ക്യാംപസ്" എന്ന സ്വപ്നത്തിന്റെ ഒന്നാം ഘട്ടമായി സംസ്ഥാനത്തെ 27 കോളേജുകളെ ലഹരിമുക്ത ക്യാംപസുകളാക്കി ഇതിനകം പ്രഖ്യാപിച്ചു കഴിഞ്ഞു. തുടർന്ന് ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ കോളേജുകളെയും ലഹരിമുക്ത ക്യാംപസുകളാക്കി മാറ്റുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

**യുവശബ്ദം 2026**

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി സംസ്ഥാന എക്സൈസ് വകുപ്പ് കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് "യുവശബ്ദം 2026" എന്ന പേരിൽ ലഹരി വിരുദ്ധ പ്രസംഗ മത്സരം കോളേജ് തലത്തിലും ജില്ലാതലത്തിലും സംഘടിപ്പിച്ചിട്ടുണ്ട്.

**നേർക്കൂട്ടം കമ്മിറ്റി**

കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ 'നേർക്കൂട്ടം' എന്ന കമ്മറ്റിക്ക് രൂപം നൽകി പ്രവർത്തിച്ചു വരുന്നു. 1172 നേർക്കൂട്ടം കമ്മിറ്റികൾ നിലവിലുണ്ട്.

**ശ്രദ്ധ കമ്മിറ്റി**

കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിൽ ഒരു കമ്മിറ്റിക്ക് രൂപം നൽകി പ്രവർത്തിച്ചു വരുന്നു. നിലവിൽ 626 ശ്രദ്ധ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു.

**(സി)** ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ പരിപാടികൾ ശക്തിപ്പെടുത്താൻ കർമ്മപരിപാടി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ പരിപാടികൾ ശക്തിപ്പെടുത്താൻ കർമ്മപരിപാടി ആവിഷ്കരിച്ചിട്ടുണ്ട്.

**<u>മയങ്ങില്ല കേരളം</u>**

ലഹരി ഉപയോഗവും അനധികൃത വ്യാപനവും തടയുന്നതിനൊപ്പം ഉപയോഗസാധ്യതകളുടെ പ്രതിരോധം, ബോധവൽക്കരണം, ലഹരി ഉപയോഗ സാധ്യതകളുടെ നേരത്തെയുള്ള കണ്ടെത്തൽ, കൗൺസിലിംഗ്, ചികിത്സ, പുനരധിവാസം എന്നിവ ഏകോപിപ്പിച്ച് ലഹരി ഉപയോഗത്തിൽ നിന്ന് വ്യക്തികളെ മോചിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് തിരിച്ചുകൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ 'മയങ്ങില്ല കേരളം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നിയമനിർവഹണം, പ്രതിരോധ പ്രവർത്തനങ്ങൾ, ജനപങ്കാളിത്തം, ശാസ്ത്രീയ ചികിത്സ, പുനരധിവാസം, സാങ്കേതികവിദ്യ എന്നിവയെ ഏകോപിപ്പിക്കുന്ന സമഗ്ര പദ്ധതിയാണിത്. കുട്ടികളിലും യുവജനങ്ങളിലും ലഹരി ഉപയോഗത്തിന്റെ ആദ്യസൂചനകൾ കണ്ടെത്തി ആവശ്യമായ കൗൺസിലിംഗും വിദഗ്ധ ചികിത്സയും ഉറപ്പാക്കുന്നു. 'മയങ്ങില്ല കേരളം' പോർട്ടൽ ഇതോടനുബന്ധിച്ച് പ്രവർത്തിച്ച് വരുന്നു.

**<u>ജനജാഗ്രതാ സമിതികൾ</u>**

പൊതുസമൂഹത്തിൽ ലഹരി ഉപയോഗത്തിനുള്ള സാധ്യതകൾ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനായി സംസ്ഥാനത്തുടനീളം വാർഡ് തലത്തിൽ ജനജാഗ്രതാ വോളന്റിയർ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ പ്രവർത്തിച്ചുവരുന്ന വാർഡ്തല ജനജാഗ്രതാ സമിതികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

**<u>പീപ്പിൾസ് ഐ ആപ്പ്</u>**

വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്താതെ മയക്കുമരുന്നുകളുടെയും അനധികൃത മദ്യത്തിന്റെയും നിർമ്മാണം, സംഭരണം, വിൽപ്പന, ഉപയോഗം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനായി 'പീപ്പിൾസ് ഐ' എന്ന മൊബൈൽ ആപ്പ് സൗകര്യം 16.09.2026 മുതൽ ലഭ്യമാക്കിയിട്ടുണ്ട്.

**<u>ഡ്രഗ് ഫ്രീ ക്യാംപസ്</u>**

സംസ്ഥാനത്തെ വിദ്യാർത്ഥിസമൂഹം ലഹരി വസ്തുക്കളുടെ പിടിയിൽ അകപ്പെടുന്നത് തടയുന്നതിനായി എക്സൈസ് വകുപ്പ് ഉന്നതവിദ്യാഭ്യാസ വകുപ്പിനെ കൂട്ടിയോജിപ്പിച്ച് കോളേജുകളിൽ വിവിധ ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു. ലഹരി രഹിതമായ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിനായി ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും കൂടുതൽ സജീവമാക്കുന്നതിനുമായി എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന "ലഹരിമുക്ത ക്യാംപസ്" എന്ന സ്വപ്നത്തിന്റെ ഒന്നാം ഘട്ടമായി സംസ്ഥാനത്തെ 27 കോളേജുകളെ ലഹരിമുക്ത ക്യാംപസുകളാക്കി ഇതിനകം പ്രഖ്യാപിച്ചു കഴിഞ്ഞു. തുടർന്ന് ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ കോളേജുകളെയും ലഹരിമുക്ത ക്യാംപസുകളാക്കി മാറ്റുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

**സെക്ഷൻ ഓഫീസർ**